ധന ഉത്തരവാദിത്വ നിയമം

110 (456) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കൊണ്ടുവന്ന സംസ്ഥാനത്തിന്റെ ധനഉത്തരവാദിത്വ നിയമത്തിൽ നിഷ്കർഷിച്ച പ്രകാരമുള്ള ലക്ഷ്യങ്ങൾ കൈവരിക്കുവാൻ സാധിച്ചിട്ടുണ്ടോ ; ലക്ഷ്യവും നാളിതു വരെയുള്ള നേട്ടവും സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) എന്തെല്ലാം കാര്യത്തിലാണ് ലക്ഷ്യത്തിലെത്താൻ കഴിയാതെ പോയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(സി) ധവളപത്രം ഇറക്കി, ധനഉത്തരവാദിത്വ നിയമം പാസ്സാക്കി മുൻ സർക്കാരിനെതിരെ പ്രചരണം സംഘടിപ്പിച്ച സർക്കാർ നാലു വർഷം പിന്നിടുമ്പോൾ പുതിയ ധവളപത്രം പുറപ്പെടുവിക്കുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിലെ ധനകമ്മി, റവന്യൂകമ്മി, കടബാധ്യതകൾ തുടങ്ങിയവയുടെ ധനഉത്തരവാദിത്വ നിയമ പ്രകാരമുള്ള ലക്ഷ്യവും നേട്ടവും ചുവടെ ചേർക്കുന്നു :

	2011-12		2012-13		2013-14	
	ലക്ഷ്യം	നേട്ടം	ലക്ഷ്യം	നേട്ടം	ലക്ഷ്യം	നേട്ടം
റവന്യൂകമ്മി	1.4	2.61	0.9	2.68	0.5	2.85
ധനകമ്മി	3.50	4.16	3.50	4.29	3.0	4.28
കടബാദ്ധ്യത	32.3	29.04	31.7	29.64	30.7	30.03*

(*മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പന്നം കുറിക്ക് എസ്റ്റിമേറ്റ് അടിസ്ഥാനത്തിൽ)

(സി) ധവളപത്രം പുറപ്പെടുവിക്കുവാനുള്ള ഒരു സാഹചര്യം സംസ്ഥാനത്ത് ഇപ്പോൾ നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly